

● സംഭാഷണം-3

# വാശിക്ക് നിർമിച്ച പള്ളി വിലയ്ക്കു വാങ്ങിയ കഥ


**അബ്ദുൽഹകീം കൊല്ലം/**
**സ്വദ്റുദ്ദീൻ വാഴക്കാട്**


**ജമാഅത്തെ** ഇസ്‌ലാമി ഈ ഭാഗത്ത് വേരോട്ടമുണ്ടാക്കിയതിൽ പ്രധാന പങ്കു വഹിച്ചവരാണ് കെ.എൻ അബ്ദുല്ല മൗലവിയും കെ.ടി അബ്ദുർറഹീം മൗലവിയും. മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന വാക്കുകൾ ഉപയോഗിച്ചുകൊണ്ടുള്ള അവരുടെ പ്രസംഗങ്ങൾ ആകർഷകമായിരുന്നു. നമ്മളങ്ങനെ കേട്ടിരുന്നു പോകും ആ പ്രഭാഷണങ്ങൾ. പ്രസ്ഥാനപ്രവർത്തകരല്ലാത്തവരെയും ആ പ്രസംഗങ്ങൾ വല്ലാതെ ആകർഷിച്ചിട്ടുണ്ട്.

## തർബിയത്തിന് ഊന്നൽ

പ്രവർത്തകരുടെ തർബിയത്തിൽ കെ.എന്നിന് വലിയ ശ്രദ്ധയായിരുന്നു. കൃത്യനിഷ്ഠയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം സന്നദ്ധനായിരുന്നില്ല. എന്തെങ്കിലും വീഴ്ചകൾ വരുത്തിയാൽ കെ.എൻ ക്ഷോഭിക്കുകയും പ്രവർത്തകരെ താക്കീതു ചെയ്യുകയും ചെയ്യുമായിരുന്നു. ഒരിക്കൽ തിരുവനന്തപുരത്ത് ഒരു തർബിയത്ത് ക്യാമ്പ് സംഘടിപ്പിച്ചു. കെ.എന്നായിരുന്നു പ്രസംഗകൻ. പക്ഷേ, യോഗം ചേരാൻ സ്ഥലം ശരിയായിരുന്നില്ല. പാളയം പള്ളിയിൽ മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് ഞങ്ങൾ കുറേസമയം കാത്തിരുന്നു. ശൈഖ് അഹ്മദ് സാഹിബ് സ്ഥലം അന്വേഷിക്കാൻ പോയിരുന്നു. പരിപാടിയിൽ പങ്കെടുക്കേണ്ട പ്രവർത്തകരിൽ കുറേപേർ എത്താൻ ബാക്കിയുണ്ട്. ഏകദേശം 8.30 ആയപ്പോൾ ശൈഖ് അഹ്മദ് സാഹിബ് വന്ന്, ചാലയിൽ ഒരു സ്ഥലം കിട്ടിയിട്ടുണ്ടെന്നറിയിച്ചു. അതനുസരിച്ച് എല്ലാവരും അങ്ങോട്ട് പോയി. സമയം വൈകിയതിനാൽ ഇശാഅ് നമസ്കാരവും ഭക്ഷണവും കഴിഞ്ഞ് 9.30-നാണ് പരിപാടി ആരംഭിക്കാനായത്. കെ.എൻ ക്ലാസ്സെടുക്കാൻ തുടങ്ങി. ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട ഖുർആൻ ആയത്തുകൾ ഉദ്ധരിച്ച് സംഭവങ്ങൾ വിവരിച്ചാണ് അദ്ദേഹം ക്ലാസ്സെടുത്തത്. അച്ചടക്കത്തെക്കുറിച്ചാണ് അതിലദ്ദേഹം വിശദീകരിച്ചത്. ക്ലാസ്സ് കഴിഞ്ഞപ്പോൾ വൈകിയെത്തിയവരെയെല്ലാം അദ്ദേഹം 'വിചാരണ' ചെയ്തു. മഗ്‌രിബ് നമസ്കാരത്തിന് പള്ളിയിൽ എത്താത്തവരെയെല്ലാം മാറ്റിനിർത്തി ചോദ്യം ചെയ്തു. സ്ഥലം മുൻകൂട്ടി ഏർപ്പാടാക്കാത്തതിനെ പറ്റിയും പറഞ്ഞു. അച്ചടക്കമുള്ള പ്രസ്ഥാനത്തിന് ഒട്ടും അംഗീകരിക്കാൻ കഴിയാത്തതാണിതെന്നും സൂചിപ്പിച്ചു അദ്ദേഹം.

സമാപനപ്രസംഗത്തിൽ കെ.എൻ വിങ്ങിപ്പൊട്ടി. ക്ഷമാപണസ്വരത്തിൽ അദ്ദേഹം പറഞ്ഞു: 'നിങ്ങളെ വേദനിപ്പിച്ചത് നിങ്ങളോട് ദേഷ്യമുണ്ടായതുകൊണ്ടല്ല. നമ്മുടെ പ്രസ്ഥാനം അല്ലാഹുവിന്റെ പ്രസ്ഥാനമാണ്. ത്യാഗം സഹിച്ച് വളർത്തിയ പ്രസ്ഥാനമാണിത്. അലംഭാവം കാണിച്ച് പ്രസ്ഥാന കാര്യത്തിൽ നാം വീഴ്ച വരുത്തരുത്. ഉത്തരവാദിത്വബോധമില്ലാതായാൽ നാം അല്ലാഹുവോട് മറുപടി പറയേണ്ടിവരും.' നിറകണ്ണുകളോടെയാണ് കെ.എന്നിന്റെ വാക്കുകൾ പുറത്തേക്കു വന്നത്. ആ വാക്കുകൾ കേട്ട് സദസ്സിലുണ്ടായിരുന്നവരെല്ലാം കരഞ്ഞുപോയി. പ്രവർത്തകരുടെ തർബിയത്തിന് ഏറെ ഉപകാരപ്രദമായ ഒരു ക്യാമ്പായിരുന്നു അത്.

കൊച്ചിക്കാരനായ സി.കെ കോയാസാഹിബാണ് മറ്റൊരാൾ. അദ്ദേഹം ആദ്യം കമ്യൂണിസ്റ്റുകാരനായിരുന്നു. പിന്നീട് ജമാഅത്തെ ഇസ്‌ലാമിയിലേക്ക് വന്നതാണ്. ഈ മേഖലയിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഗണ്യമായപങ്ക് കോയാസാഹിബിനായിരുന്നു. ഈ പ്രദേശങ്ങളിലെല്ലാം നിരന്തരം സഞ്ചരിച്ച് ആളുകളെ കണ്ട് സംസാരിച്ചും പുസ്തകങ്ങൾ വിതരണം ചെയ്തും അദ്ദേഹം പ്രസ്ഥാനത്തെ വളർത്തിക്കൊണ്ടുവന്നു. കൈയിലുള്ള ബാഗു നിറയെ പുസ്തകങ്ങളായിരിക്കും. വായിക്കാനും വിൽക്കാനുമുള്ളവ. ഒരു ഡയറി എപ്പോഴും കൂടെ കരുതുമായിരുന്നു. പരിചയപ്പെടുന്ന ആളുകളുടെ അഡ്രസ്സുകൾ ശേഖരിച്ച് കത്തെഴുതും, അവരെ പോയികണ്ട് സംസാരിക്കും, പുസ്തകങ്ങൾ കൊടുക്കും.

## ഒരു ഹർഖാ സമ്മേളനത്തിന്റെ ഓർമ

തിരുവനന്തപുരം-കൊല്ലം സംയുക്ത ഹർഖാ സമ്മേളനവും തർബിയത്ത് ക്യാമ്പും വടശ്ശേരിക്കോണത്ത് നടക്കുകയുണ്ടായി. രണ്ട് ദിവസത്തെ വിപുലമായ പരിപാടിയായിരുന്നു അത്. ആദ്യ ദിവസം തർബിയത്ത് ക്യാമ്പ്. അതിൽ കൊല്ലം-തിരുവനന്തപുരം ജില്ലയിലെ പ്രധാന പ്രവർത്തകരെല്ലാം പങ്കെടുക്കണം. രാവിലെ വിപുലമായ സ്കോഡ്. പത്തുമണിക്ക് ഹർഖാ സമ്മേളനം- ഇങ്ങനെയായിരുന്നു പരിപാടി. സമ്മേളനത്തിന് സൗകര്യമുള്ള ഒരു സ്ഥലം ലഭിച്ചു. നേരത്തേ നാം പറഞ്ഞ ശൗക്കത്തലിയുടെ സഹോദരൻ മുഹമ്മദലിയുണ്ടായിരുന്നു. അദ്ദേഹം നമ്മുടെ ഒരനുഭാവിയായിരുന്നു. വക്കം മൗലവിയുമായി കുടുംബബന്ധമുണ്ടായിരുന്നു അവർക്ക്. അദ്ദേഹത്തിന്റെ വീട് ഒഴിഞ്ഞുകിടക്കുകയായിരുന്നു. വിശാലമായ മുറ്റം. അവിടെ സമ്മേളനത്തിന് ഒരുക്കങ്ങൾ നടത്തി. വേനൽകാലം. എന്തുകൊണ്ടും സമ്മേളനത്തിന് യോജിച്ച സ്ഥലവും സാഹചര്യവും. രാത്രി കെ.എൻ അബ്ദുല്ല മൗലവിയുടെ പ്രൗഢഗംഭീരമായ ക്ലാസ്.

ഒരു ഗ്രാമപ്രദേശമായിരുന്ന അവിടെ വലിയ ഹോട്ടലുകളൊന്നുമുണ്ടായിരുന്നില്ല. ചെറിയൊരു ചായപ്പീടിക ഉണ്ടായിരുന്നു. ഹമീദ് എന്നൊരാളാണ് അത് നടത്തിയിരുന്നത്. രാത്രിയിലെ ഭക്ഷണം അദ്ദേഹത്തെയാണ് ഏൽപിച്ചിരുന്നത്. അയാൾ താൽപര്യപൂർവം ഏറ്റെടുത്തു.

ഏഴുമണിക്ക് തുടങ്ങിയ ക്ലാസ് കുറേ ദീർഘിച്ചു. ഏകദേശം ഒമ്പതുമണിയായി. ചായക്കടക്കാരൻ എന്റെ അടുത്തുവന്ന് ഭക്ഷണത്തെക്കുറിച്ച് പറഞ്ഞു. ആളുകൾ ഭക്ഷണം കഴിച്ചശേഷം വേണം അയാൾക്ക് വീട്ടിൽ പോകാൻ. സമയം വൈകുന്നതിൽ അദ്ദേഹം അസ്വസ്ഥനായി. ഞാനുടനെ കെ.എന്നിന് ഒരു കുറിപ്പ് കൊടുത്തു. പക്ഷേ, കെ.എൻ പ്രതികരിച്ചില്ല. അരമണിക്കൂർ കൂടി ക്ലാസ് നീണ്ടു. ക്ലാസ് കഴിഞ്ഞപ്പോൾ വിഷയത്തെക്കുറിച്ച് ചർച്ച തുടങ്ങി. ബി.ഡി.ഒ ആയിരുന്ന അബ്ദുസ്സലാം - അദ്ദേഹം റുക്നായിരുന്നു-, തിരുവനന്തപുരം സഫയർ ഫുട്‌വെയർ ഉടമ അബ്ദുർറശീദ്, അബ്ദുല്ല മൗലവി തുടങ്ങിയവരൊക്കെ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

ചർച്ച കഴിഞ്ഞപ്പോൾ കെ.എൻ എന്നോട് പറഞ്ഞു. 'നമ്മൾ ഊണ് കഴിക്കാനല്ല ഇവിടെ വന്നത്. തിരുവനന്തപുരം-കൊല്ലം ജില്ലയിലെ പ്രവർത്തകരാണിവിടെ ഒത്തുചേർന്നിട്ടുള്ളത്. അപൂർവമായി കിട്ടുന്ന ഒരവസരമാണിത്. ഒരു വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ ഭക്ഷണത്തിന്റെ കാര്യമൊന്നും പറയരുത്.' അതുകഴിഞ്ഞ് ഞങ്ങൾ ഭക്ഷണം കഴിക്കാൻ ചെന്നു. ചായക്കടക്കാരൻ ഹമീദിനെ കണ്ട ഉടനെ കെ.എൻ അയാൾക്ക് കൈ കൊടുത്തു. വിശേഷങ്ങളെല്ലാം ചോദിച്ചു. ശേഷം പറഞ്ഞു: 'നിങ്ങൾ പരിപാടി നടക്കുന്നതിനിടക്ക് ഭക്ഷണത്തിന്റെ കാര്യം പറഞ്ഞ് ഹകീം സാഹിബിനെ എന്തിനാണ് പ്രയാസപ്പെടുത്തിയത്? ഞങ്ങൾ ദൂരെ നിന്ന് വന്നവരാണ്. എന്റെ നാട് കുറ്റ്യാടിയാണ്. ഞങ്ങൾ ഭക്ഷണം കഴിക്കാൻ വേണ്ടിമാത്രം വന്നതല്ല. ഞങ്ങൾക്ക് വളരെ ഗൗരവപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാനുണ്ട്. അതൽപം വൈകിയത് നിങ്ങൾക്ക് ക്ഷമിക്കാമായിരുന്നു.' കെ.എന്നിന്റെ വാക്കുകൾ കേട്ടപ്പോൾ അയാൾക്ക് വലിയ സങ്കടം തോന്നി. വലിയ താൽപര്യത്തോടെ ഞങ്ങൾക്ക് ഭക്ഷണം വിളമ്പിത്തന്നു. പിറ്റേദിവസം സമ്മേളനം പാലച്ചിറ യു.പി സ്കൂളിൽ വെച്ചായിരുന്നു.

### വർക്കലയിലെ പ്രവർത്തനങ്ങൾ

വർക്കലയിൽ നടന്ന പ്രധാന പ്രസ്ഥാന പരിപാടികളിൽ എനിക്ക് ഓർമയുള്ളത് ഒരു സെമിനാറാണ്. മുസ്‌ലിംലീഗ് നേതാവ് അബ്ദുൽകരീം ഹാജി കൺവീനറായി, അബ്ദുല്ല മൗലവിയുടെ സജീവ സാന്നിധ്യത്തിലാണ് ആ സെമിനാർ നടന്നത്. വർക്കല ശിവഗിരിയോടനുബന്ധിച്ചുള്ള ഒരു ഓഡിറ്റോറിയം വാടകക്കെടുത്താണ് പരിപാടി നടത്തിയത്. വി.കെ അലിയായിരുന്നു മോഡറേറ്റർ. 'ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കൊല്ലത്തും റോഡുവിളയിലും ഇസ്‌ലാമിക് സ്റ്റഡി സർക്ക്ൾ രൂപത്തിലാണ് പ്രവർത്തനങ്ങൾ തുടങ്ങിയത്. അന്ന് കാർകുൻ വ്യവസ്ഥയില്ല. മുത്തഫിഖ് ഹൽഖകളാണ് രൂപീകരിക്കപ്പെട്ടത്. ആദ്യം റോഡുവിളയിൽ ഹൽഖയുണ്ടായി. പിന്നീട് കൊല്ലത്തും ക്ലാപ്പനയിലും ഹൽഖ വന്നു. അതും കഴിഞ്ഞാണ് കുളത്തൂപ്പുഴയിൽ ഹൽഖ രൂപീകരിക്കപ്പെട്ടത്. 1969-ലായിരുന്നു അതെന്നാണ് എന്റെ ഓർമ.

തോൽക്കട ബുഖാരി സാഹിബ് കൊല്ലം-ചിന്നക്കടയിലെ ഒരു ഉൽപതിഷ്ണുവായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖ രൂപീകരിക്കപ്പെടും മുമ്പ് അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ എന്ന പേരിൽ കൊല്ലം കേന്ദ്രമാക്കി ഒരു സംഘടനയുണ്ടാക്കി ഖുറാഫാത്തുകൾക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു അദ്ദേഹം. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനം ഈ ഭാഗത്ത് തുടങ്ങിയപ്പോൾ എല്ലാ സഹായസഹകരണങ്ങളും അദ്ദേഹം പ്രസ്ഥാനത്തിന് നൽകി. പ്രസ്ഥാന നേതാക്കൾക്കും പ്രവർത്തകർക്കും ബുഖാരി സാഹിബിന്റെ വീട് ഒരു കേന്ദ്രമായിരുന്നു.

മറ്റൊരാളായിരുന്നു അഞ്ചുമടം അബ്ദുൽഹമീദ് സാഹിബ്. ഖുർആൻ-ബൈബിൾ താരതമ്യപഠനം നടത്തിയ അദ്ദേഹം ക്രൈസ്തവപണ്ഡിതന്മാരുമായി സമർഥമായി സംവാദങ്ങൾ നടത്തിയിരുന്നു. ക്രൈസ്തവസഭാധ്യക്ഷന്മാരുമായി അദ്ദേഹത്തിന് നല്ല ബന്ധമാണുണ്ടായിരുന്നത്.

കുളത്തൂപ്പുഴയിൽ നിലവിൽവന്നത് സജീവ ഹൽഖയായിരുന്നു. ആവേശമുള്ള പ്രവർത്തകർ. പക്ഷേ, യോഗം ചേരാനും മറ്റും ഒരിടം ഉണ്ടായിരുന്നില്ല. ബീഡിതെറുക്കുന്ന പീടികയിലും ട്യൂട്ടോറിയൽ കോളേജിന്റെ വരാന്തയിലുമൊക്കെയാണ് യോഗം ചേരുക. രാത്രി ക്ലാസ്സുകളില്ലാതിരുന്നതുകൊണ്ട് ട്യൂട്ടോറിയൽ വരാന്തയിൽ മെഴുകുതിരി കത്തിച്ചുവെച്ച് ഹൽഖാ യോഗം നടത്തും. അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് കെ.എൻ അബ്ദുല്ല മൗലവിയുടെ ചില പ്രസംഗങ്ങൾ കുളത്തൂപ്പുഴയിൽ നടന്നത്.

ഒരിക്കൽ യാദൃഛികമായി കെ.എന്നിനെ പ്രസംഗത്തിന് ലഭിച്ചു. ക്ലാസ്സെടുക്കാൻ സ്ഥലമുണ്ടായിരുന്നില്ല. എനിക്ക് പരിചയമുണ്ടായിരുന്ന കെ.എം ഹനീഫ് സാറോട് ഞാൻ വിവരം പറഞ്ഞു. സി.പി.എം നേതാവായിരുന്നു അദ്ദേഹം. അക്കാലത്ത് ഡിഗ്രിയുണ്ടായിരുന്ന, ഇംഗ്ലീഷ് പഠിപ്പിക്കുകയും സ്വന്തമായി ട്യൂട്ടോറിയൽ കോളേജ് നടത്തുകയും ചെയ്തിരുന്ന ആൾ. വിവരമറിഞ്ഞ അദ്ദേഹം തന്റെ വീട്ടിൽ വെച്ച് ക്ലാസ് നടത്താമെന്ന് പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ വീട്ടിൽ വെച്ച് കെ.എൻ ക്ലാസ്സെടുത്തു. പ്രസംഗം ഹനീഫ് സാറിന് നന്നായി ഇഷ്ടപ്പെട്ടു. അവർ പരിചയപ്പെട്ടു, കുറേ സംസാരിച്ചു. ഹനീഫ് സാർ എന്നോട് പറഞ്ഞു: 'ഇനി എപ്പോൾ അദ്ദേഹത്തെ പ്രസംഗിക്കാൻ കിട്ടിയാലും കൊണ്ടുവരണം. ഇവിടെ വെച്ച് ക്ലാസ്സെടുക്കാം'. അതിനുശേഷം അവിടെ ഒരു ഫർഖാ സമ്മേളനവും നടക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വീട്ടിൽതന്നെയായിരുന്നു പരിപാടി. രണ്ടു ദിവസത്തെ പ്രോഗ്രാമായിരുന്നു നിശ്ചയിച്ചത്. ആദ്യദിവസം ജില്ലാസമിതിയും തർബിയത്ത് ക്യാമ്പും. രണ്ടാം ദിവസം രാവിലെ സ്കോഡ് വർക്ക്. പത്തു മണി മുതൽ ഫർഖാ സമ്മേളനം. രണ്ടാം ദിവസം ഞായറാഴ്ച ചന്ത ദിവസമായിരുന്നു. ഒരുപാട് ആളുകളുണ്ടാകും അങ്ങാടിയിൽ. ആൾക്കൂട്ടത്തെ കണ്ട ഹനീഫ് സാർ ഞങ്ങളോട് പറഞ്ഞു: "ഈ പ്രസംഗങ്ങൾ വെളിയിലുള്ളവരും കേൾക്കണം. നിങ്ങൾ ഒരു മൈക്ക് സെറ്റ് വെക്കണം. സെറ്റ് ഞാൻ എടുത്തുതരാം. പണവും ഞാൻ കൊടുക്കാം. ഇവിടത്തെ തെങ്ങിൽ കെട്ടിയാൽ മതി". അദ്ദേഹം വലിയ ആവേശത്തിലായിരുന്നു. കാശ് ഞങ്ങൾ കൊടുക്കാമെന്നു പറഞ്ഞ് ഞങ്ങൾതന്നെ മൈക്ക് കൊണ്ടുവന്ന് ഫിറ്റ് ചെയ്തു. നല്ല പ്രഭാഷണങ്ങൾ നടന്നു. ഹനീഫ് സാർ അതെല്ലാം ശ്രദ്ധിച്ചുകേട്ടിരുന്നു. അവിടെ ജമാഅത്ത് പ്രവർത്തനങ്ങൾ കുറച്ചുകൂടി വിപുലമായിത്തീർന്നു. ഹനീഫ് സാർ പ്രസ്ഥാന പ്രവർത്തകനായിരുന്നില്ല. ഇപ്പോൾ ജീവിച്ചിരിപ്പില്ല.

കുളത്തൂപ്പുഴയിൽ മുസ്‌ലിം അസോസിയേഷൻ എന്ന പേരിൽ ഒരു പൊതുവേദിയുണ്ടാക്കിയിരുന്നു. അതിനുകീഴിൽ ഫിത്വ്ർ സകാത്ത് വിതരണവും മറ്റു പല സാമൂഹിക സേവനങ്ങളും ചെയ്യാൻ തീരുമാനിച്ചു. മഹല്ലിന്റെ പിന്തുണയും കിട്ടി. വെള്ളിയാഴ്ച ജുമുഅക്ക് ശേഷം മഹല്ല് പ്രസിഡന്റ് തന്നെ അത് പള്ളിയിൽ പ്രഖ്യാപിച്ചു. സകാത്ത് സംഘടിതമായി വിതരണം ചെയ്യാൻ തുടങ്ങി. മറ്റു പല പരിപാടികളും നടപ്പിലാക്കി. ഇതെല്ലാം സമൂഹത്തിൽ വലിയ പരിവർത്തനമുണ്ടാക്കി. ജമാഅത്തിന് അവിടെ വലിയ സ്വീകാര്യതയും ലഭിച്ചു. ഒരു ഇസ്‌ലാമിക് സെന്ററും പള്ളിയും മദ്റസയും പ്രസ്ഥാനത്തിന്റെ മേൽനോട്ടത്തിൽ അവിടെ പ്രവർത്തിക്കുന്നു. കുളത്തൂപ്പുഴയിൽ പള്ളി ഉണ്ടായതിനു പിന്നിൽ ഒരു സംഭവമുണ്ട്. മമ്മുണ്ണി മൗലവി ഒരിക്കൽ കുളത്തൂപ്പുഴയിൽ വ

ന്നു. അവിടെ നിന്ന് തിരുവനന്തപുരത്ത് പോകാനായി ബസ് കാത്തുനിൽക്കുമ്പോൾ അസ്വ്ർ നമസ്കാരത്തിന് സമയമായി. അദ്ദേഹമവിടെ പള്ളിയുണ്ടോയെന്ന് അന്വേഷിച്ചു. തൊട്ടടുത്ത് ഒരു ചെറിയ നമസ്കാര പള്ളിയുണ്ടായിരുന്നു. ഞാനും മമ്മുണ്ണി മൗലവിയും ആ പള്ളിയിൽ ചെന്നു. അവിടം നമസ്കരിക്കാൻ കൊള്ളില്ലായിരുന്നു. ട്യൂട്ടോറിയലിൽ പഠിക്കുന്ന കുറേ ആൺകുട്ടികളും പെൺകുട്ടികളും സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പള്ളി ആകെ വൃത്തികേടായിക്കിടക്കുന്നു. നമസ്കാരമൊന്നും അവിടെ നടന്നിരുന്നില്ല. കുളത്തൂപ്പുഴയിലെ മഹല്ലിൽ പൊതുവെ ഹനഫീ മദ്ഹബ് അനുസരിച്ചാണ് കാര്യങ്ങൾ നടന്നിരുന്നത്. മഹല്ലിൽ തർക്കമുണ്ടായപ്പോൾ ശാഫിഈ മദ്ഹബുകാർ ഹനഫികളോടുള്ള വാശിക്ക് മറ്റൊരു പള്ളി തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ തർക്കം പരിഹരിക്കപ്പെട്ടു. പിന്നീട് വാശിയുടെ പേരിലുണ്ടാക്കിയ പള്ളി പരിപാലിക്കാനോ അവിടെ നമസ്കരിക്കാനോ ആളുണ്ടായില്ല. ആരും അത് ശ്രദ്ധിക്കാതെ പോയി. പള്ളി സാമൂഹികവിരുദ്ധരുടെ താവളമായി മാറി. പള്ളി നിർമിക്കാനുള്ള ആവേശം അത് പരിപാലിക്കാൻ ഉണ്ടായില്ല.

മമ്മുണ്ണി മൗലവിയെ ആ കാഴ്ച വല്ലാതെ വേദനിപ്പിച്ചു. 'ഈ പള്ളി ഇങ്ങനെയിട്ടാൽ പടച്ച റബ്ബിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന്' അദ്ദേഹം ഗൗരവത്തോടെ ഓർമിപ്പിച്ചു. ഈ പള്ളി വിട്ടുതരുമെങ്കിൽ നമുക്കതേറ്റെടുക്കാം എന്നും പറഞ്ഞു. ബന്ധപ്പെട്ട ആളുകളോട് അക്കാര്യം സംസാരിക്കാൻ എന്നെ ഏൽപിച്ചു. തദ്ദേശസ്ഥാനത്തിൽ ഞാനതിന്റെ ആളുകളെ കണ്ടു. ആദ്യം അവർ പള്ളി വിട്ടുതരാൻ വിസമ്മതിച്ചു. ഒടുവിൽ വിലയ്ക്കുതരാമെന്നു പറഞ്ഞ അവർ 25,000 രൂപ വില പറഞ്ഞു! കുറേ സംസാരിച്ച ശേഷം 10,000 രൂപക്കു അത് വാങ്ങി. പത്തു വ്യക്തികളിൽനിന്നാണ് പതിനായിരം രൂപ സമാഹരിച്ചത്. അറ്റകുറ്റപ്പണികൾ നടത്തി നമസ്കരിക്കാൻ വേണ്ടി ഒരുക്കിയെടുത്തു. പള്ളി നന്നാക്കിയതോടെ നമസ്കരിക്കാൻ ധാരാളം ആളുകൾ വരാൻ തുടങ്ങി. വളരെ കൃത്യമായി കാര്യങ്ങൾ നടന്നുവന്നു. പിന്നീട് പള്ളിയും സ്ഥലവും വിപുലീകരിക്കാൻ ഏർപ്പാടു ചെയ്തു. കൂടുതൽ വലിപ്പമൊന്നും കൂട്ടിയിട്ടില്ല. ഇപ്പോഴവിടെ 150-ഓളം കുട്ടികൾ പഠിക്കുന്ന ഒരു മദ്റസ കൂടി നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്, അൽഹംദു ലില്ലാഹ്.

## അടിയന്തരാവസ്ഥ

അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുമ്പോൾ ഞാൻ ജമാഅത്ത് അംഗമായിരുന്നു. ഞാനിരിക്കുന്ന കടയിൽ വന്നാണ് എന്നെ അറസ്റ്റു ചെയ്തത്. ഞാൻ ആദരവു കാണിച്ചില്ല എന്നായിരുന്നു എസ്.ഐയുടെ ഒരു പരാതി. സ്റ്റേഷനിലെത്തിയപ്പോൾ എന്നെ അറിയുന്ന ചില പോലീസുകാർ അവിടെ ഉണ്ടായിരുന്നു. ഒരു പെറ്റി കേസുപോലും എനിക്കെതിരെ ഉണ്ടായിരുന്നില്ല. 'സാഹിബിനെക്കുറിച്ച് പരാതിയൊന്നുമില്ലെ'ന്ന് ആ പോലീസുകാർ പറഞ്ഞു. പക്ഷേ, എസ്.ഐ വഴങ്ങിയില്ല. അദ്ദേഹം വന്നപ്പോൾ ഞാൻ എഴുന്നേറ്റുനിന്ന് ആദരിച്ചില്ലെന്നായിരുന്നു പരാതി. നിരോധിക്കപ്പെട്ട സംഘടനയുടെ പ്രവർത്തകനായതുകൊണ്ട് വിടാൻ പറ്റില്ല എന്നും പറഞ്ഞു. ഞാൻ അറസ്റ്റു ചെയ്യപ്പെട്ടതറിഞ്ഞ് മഹല്ല് പ്രസിഡന്റ് മീരാ സാഹിബ് ലബ്ബ, പഞ്ചായത്ത് പ്രസിഡന്റ് ശംസുദ്ദീൻ സാഹിബ്, ക്ലാപ്പന ലത്വീഫ് സാഹിബ് തുടങ്ങിയവരെല്ലാം സ്റ്റേഷനിൽ വന്നു. ശംസുദ്ദീൻ സാഹിബ് കോൺഗ്രസ് നേതാവായിരുന്നു. അവർ എസ്.ഐയോട് ഇദ്ദേഹം നിരപരാധിയാണെന്നും തെറ്റിനൊന്നും പോകുന്നയാളല്ലെന്നും വിട്ടയക്കണമെന്നും പറഞ്ഞു. അന്ന് ഡി.ഐ.ആർ എന്നൊരു വകുപ്പുണ്ടായിരുന്നു. അത് ചുമത്തിയാൽ ജാമ്യം പോലും കിട്ടുമായിരുന്നില്ല. നിങ്ങൾ വകുപ്പു നിശ്ചയിച്ചിട്ടില്ലെങ്കിൽ ഡി.ഐ.ആർ ചുമത്തരുതെന്നും ജാമ്യം കിട്ടാവുന്ന വകുപ്പേ ചുമത്താവൂ എന്നും അവർ പറഞ്ഞു. എന്നെ വിട്ടയച്ചു. അറസ്റ്റ് ചെയ്യപ്പെടാത്തവരും വിട്ടയക്കപ്പെട്ടവരുമെല്ലാം ചേർന്ന് ജയിലിനകത്തുള്ളവരുടെ കുടുംബങ്ങളെ സഹായിക്കുമായിരുന്നു.

പൊതുവെ കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ അടിയന്തരാവസ്ഥ കാലത്ത് കഠിനമായ പ്രയാസങ്ങളൊന്നും ഉണ്ടായിരുന്നില്ല. മലബാറിലെ പ്രവർത്തകരാണ് ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ടത്. ഇവിടെയുണ്ടായ പ്രധാനപ്പെട്ട ഒരു സംഭവം പാലോട് പ്രദേശത്തുനിന്ന് 5 പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തതിനോടനുബന്ധിച്ച് ചില മഹല്ലുകളെടുത്ത നിലപാടുകളാണ്. ആ പ്രവർത്തകരിൽനിന്ന് കുറേ റെക്കോർഡുകൾ പിടിച്ചെടുത്ത് പോലീസ് പരിശോധിച്ചു. കുറേ പേർക്ക് പുര മേയാൻ സഹായം കൊടുത്തതും കുറേയാളുകൾക്ക് ചികിത്സാ സഹായം നൽകിയതുമൊക്കെയാണ് ആ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിരുന്നത്. അഞ്ച് മഹല്ലുകൾ ചേർന്ന് ആ പ്രവർത്തകർക്ക് ഊരുവിലക്ക് ഏർപ്പെടുത്തി. മഹല്ല് മാറി ചേരാതിരിക്കാനാണ് അഞ്ച് മഹല്ലുകൾ സംയുക്തമായി അത് ചെയ്തത്. വിവാഹത്തിൽ സഹകരിക്കാതിരിക്കലുൾപ്പെടെ പൂർണമായ ബഹിഷ്കരണമായിരുന്നു അത്. പക്ഷേ, പ്രവർത്തകർ തന്റേടത്തോടെ ഉറച്ചുനിന്നതോടെ എല്ലാ എതിർപ്പുകളും ഇല്ലാതായി.

## എതിർപ്പുകൾ

ഇസ്‌ലാമിക പ്രസ്ഥാനം ഈ ഭാഗങ്ങളിൽ വളർന്നത് നിരവധി എതിർപ്പുകൾ നേരിട്ടുകൊണ്ടാണ്. പള്ളി ഭാരവാഹികളിൽനിന്നാണ് കൂടുതലും എതിർപ്പുകളുണ്ടായത്. രാഷ്ട്രീയക്കാരിൽനിന്ന് പറയത്തക്ക എതിർപ്പുകളൊന്നും ഉണ്ടായിരുന്നില്ല. അടിയന്തരാവസ്ഥയെ തുടർന്ന് നിരോധിക്കപ്പെട്ടപ്പോഴാണ് രാഷ്ട്രീയ പാർട്ടിക്കാർ ജമാഅത്തെ ഇസ്‌ലാമിയെ അറിയുന്നത്. ഇതൊരു വർഗീയ സംഘടനയാണെന്ന് ചിലരൊക്കെ തെറ്റിദ്ധരിച്ചു. അതിനുമുമ്പ് അഹ്മദാബാദ് കലാപം ഉണ്ടായപ്പോൾ നാം റിലീഫ് പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 'റിലീഫ് ഏതെങ്കിലും ഒരു സംഘടന ഒറ്റക്ക് ചെയ്യേണ്ടതല്ല, അത് നമ്മളെല്ലാവരും കൂടി ചെയ്യേണ്ടതാണ്' എന്നു പറഞ്ഞ് പലരും റിലീഫ് പ്രവർത്തനങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയോട് സഹകരിച്ചു. സമുദായാംഗങ്ങളിൽനിന്നാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന് കാര്യമായ എതിർപ്പുകൾ നേരിടേണ്ടിവന്നത്. പുരോഹിതർ, പള്ളിക്കമ്മിറ്റികൾ, മതസംഘടനകൾ തുടങ്ങിയവരൊക്കെ എതിർപ്പിൽ മുൻപന്തിയിലായിരുന്നു.

## ആദ്യകാല പ്രവർത്തനങ്ങളുടെ സ്വഭാവം

സ്കോഡ് വർക്കുകളും ക്ലാസ്സുകളും ചർച്ചകളുമായിരുന്നു ആദ്യകാലത്തെ പ്രധാന പ്രവർത്തനങ്ങൾ. സ്കോഡുകളിലൂടെ ആളുകളുമായി നേരിട്ട് സംസാരിക്കാൻ സാധിച്ചിരുന്നു. വാരാന്ത സ്കോഡുകൾ നിർബന്ധമായിരുന്നു. എല്ലാ ആഴ്ചയിലും കുറച്ചുപേരെങ്കിലും സ്കോഡ് നടത്തും. ഇപ്പോൾ സ്കോഡുകൾ കുറഞ്ഞുവരുന്നു. ക്ലാസ്സുകളും ചർച്ചകളുമായിരുന്നു മറ്റൊന്ന്. ധാരാളം പൊതുജനങ്ങൾ അവയിൽ പങ്കെടുക്കാറുണ്ടായിരുന്നു. ക്ലാസ്സുകൾ കഴിഞ്ഞാൽ ചർച്ച നടക്കും. അതുപോലെ പ്രസ്ഥാന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്ന, പ്രവർത്തകർ പങ്കെടുക്കുന്ന യോഗങ്ങളിലും ആദ്യം എല്ലാവർക്കും പങ്കെടുക്കാവുന്ന ഖുർആൻ ക്ലാസ്സുകൾ നടത്താറുണ്ടായിരുന്നു. പ്രവർത്തകർ ധാരാളം വായിക്കുകയും അറിവ് നേടുകയും ചെയ്യുമായിരുന്നു. അതുകൊണ്ട് ക്ലാസ്സുകളെടുക്കാനും കഴിഞ്ഞിരുന്നു. സ്വയം തന്നെ വിഷയങ്ങൾ ആഴത്തിൽ പഠിക്കാറുണ്ടായിരുന്നു. പ്രൈമറി മദ്റസയിൽ പോലും പോയിട്ടില്ലാത്തവർ ക്ലാസ്സുകളെടുക്കാറുണ്ടായിരുന്നു. സ്വയം വായിച്ചു

നേടിയ അറിവായിരുന്നു ഞങ്ങളുടെ മുതൽക്കൂട്ട്. തുടക്കം മുതൽ ഇതുവരെ കൊല്ലം ജില്ലാസമിതിയിൽ ഞാനുണ്ട്. ഇപ്പോൾ ആരോഗ്യസ്ഥിതി മോശമായി.

അന്ന് നമ്മുടെ ധാരാളം പ്രവർത്തകർ അറബിക്കോളേജുകളിൽ നിന്നുള്ളവരായിരുന്നു. ഇവിടെ നിരവധി അറബിക്കോളേജുകളുണ്ടായിരുന്നു. റോഡുവിള, ചടയമംഗലം, കടക്കൽ, തുമ്പമൺതൊടി, അഞ്ചൽ, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിൽ അറബിക്കോളേജുകൾ പ്രവർത്തിച്ചിരുന്നു. അവ മിക്കതും വ്യക്തികൾ സ്ഥാപിച്ചതായിരുന്നു. പലതും നിന്നുപോയി. റോഡുവിളയിലെ അൽഹാദി അറബിക്കോളേജ് ഇപ്പോഴുമുണ്ട്.

അറബിക്കോളേജുകളിൽ നമ്മുടെ പ്രവർത്തകരും അനുഭാവികളുമായ അധ്യാപകരിലൂടെ വിദ്യാർഥികൾക്കിടയിൽ പ്രസ്ഥാനം പ്രചരിച്ചു. പ്രസ്ഥാനകൃതികളും *പ്രബോധന*വും മറ്റും വിദ്യാർഥികൾക്കിടയിൽ വിതരണം ചെയ്യപ്പെട്ടു. കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ പല പ്രവർത്തകരും അറബിക്കോളേജ് വിദ്യാർഥികളായിരിക്കെ പ്രസ്ഥാനത്തെ മനസ്സിലാക്കിയവരാണ്.

*പ്രബോധന*മായിരുന്നു പ്രസ്ഥാനത്തിന്റെ പ്രധാന പ്രചാരണ മാധ്യമം. സ്ക്വോഡുകൾ നടത്തി *പ്രബോധനം* പ്രചരിപ്പിക്കും, ആളുകളെ വരിചേർക്കും. വരിക്കാരാകാത്തവരെയും വായിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഉള്ളടക്കവും ആദ്യാവസാനം പ്രവർത്തകർ നിർബന്ധപൂർവം വായിക്കാറുണ്ടായിരുന്നു. ഇപ്പോൾ പ്രവർത്തകർക്കിടയിൽ വായന കുറയുകയാണ്.

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽനിന്ന് ധാരാളം പേർ ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്കു കടന്നുവരാൻ കാരണം *കമ്യൂണിസം അതിന്റെ ലാഭനഷ്ടങ്ങളുടെ ആകത്തുക* എന്ന മൗലാനാ മൗദൂദിയുടെ പുസ്തകമായിരുന്നു. പ്രബുദ്ധ വായനക്കാരെ വല്ലാതെ ആകർഷിച്ചു അത്.

### തൊഴിലാളികളെ സംഘടിപ്പിക്കുന്നു

എന്റെ കടയിൽ ഏഴെട്ടു ബീഡിതെറുപ്പുകാർ ഉണ്ടായിരുന്നു. അവരുടെ നേതാവ് അബ്ദുൽകരീം മാർക്സിസ്റ്റ് പ്രവർത്തകനാണ്. ത്യാഗസന്നദ്ധനും സേവനതൽപരനുമാണ്. അവിടെ എപ്പോഴും ചൂടുപിടിച്ച രാഷ്ട്രീയ ചർച്ചകളും വാദപ്രതിവാദങ്ങളും കേൾക്കാം. തെരഞ്ഞെടുത്ത ജമാഅത്ത് കൃതികൾ അവർക്ക് വായിച്ചു കേൾപ്പിക്കും. രാത്രിയിൽ വായിക്കുന്നതിന് അബ്ദുൽകരീമിന് പുസ്തകങ്ങൾ കൊടുത്തയക്കും. ഹൽഖാ യോഗങ്ങളിലെ ക്ലാസ്സുകളിൽ അദ്ദേഹത്തെ പങ്കെടുപ്പിക്കും. അദ്ദേഹം ജമാഅത്ത് അനുഭാവിയായി മാറി. ഒരു ദിവസം അബ്ദുൽകരീം ഒരു നിർദേശം വെച്ചു: അന്ന് ആ പ്രദേശത്ത് എൺപതിലധികം ബീഡിത്തൊഴിലാളികളുണ്ട്. വ്യക്തമായ മാർഗനിർദേശങ്ങളും നേതൃത്വവും നൽകാമെങ്കിൽ തൊഴിലാളികളെ ഞാൻ സംഘടിപ്പിക്കാം. ഹൽഖയിൽ ആലോചിച്ചു. അനുവാദം കിട്ടി.

തൊഴിലാളികളെ വിളിച്ചുകൂട്ടി. തൊണ്ണൂറു ശതമാനവും മുസ്‌ലിംകൾ. യോഗതീരുമാനമനുസരിച്ച് ബീഡിതെറുപ്പുകാരുടെ വൈജ്ഞാനികവളർച്ച ലക്ഷ്യമാക്കി ഒരു 'നൈറ്റ് ക്ലാസ്' തുടങ്ങി. പ്രതിഫലം പറ്റാതെ രണ്ട് അധ്യാപകർ ക്ലാസ് നയിച്ചു. ക്ലാസ്സിനു വേണ്ടി മുൻകൂട്ടി പണിതീർക്കും. ഇതിൽ ആകൃഷ്ടരായ ചുമട്ടു തൊഴിലാളികളിൽ ചിലരും ഇതിനോട് സഹകരിച്ചു.

രണ്ടാമത്തെ ശ്രമം തൊഴിലാളികളുടെ കൂലി വർധിപ്പിക്കുന്നതിനായിരുന്നു. ഉൽപാദകരായ വ്യാപാരികളുടെയും ഉപഭോക്താക്കളുടെയും സഹകരണം തേടി ഒരു പ്രസ്താവനയിറക്കി. ജനസമ്പർക്ക പരിപാടിയിലൂടെ എല്ലാവരിലും സന്ദേശം എത്തിച്ചു. സമരവും സംഘർഷവുമില്ലാതെ കൂലിവർധനവ് നടപ്പായി. അബ്ദുൽ കരീമിന്റെ സമർഥമായ ഇടപെടലാണ് വിജയത്തിലെത്തിച്ചത്.

അദ്ദേഹം വിദേശത്തേക്ക് പോയി കഠിനാധ്വാനത്തിലൂടെ ചെറിയൊരു വീടും പറമ്പും സമ്പാദിച്ചു. വിദേശത്തുനിന്ന് രോഗബാധിതനായി നാട്ടിലെത്തി. 'പ്രസ്ഥാന മാർഗത്തിൽ കൂടുതൽ പ്രവർത്തിക്കണമെന്നാഗ്രഹമുണ്ട്. ചികിത്സ കഴിയട്ടെ' എന്നുപറഞ്ഞ് പ്രാർഥിക്കാനാവശ്യപ്പെട്ട് ആശുപത്രിയിലേക്കു പോയി. തിരിച്ചുകൊണ്ടുവന്നത് ആ സഹോദരന്റെ ജനാസയായിരുന്നു. അല്ലാഹുവിന്റെ അലംഘനീയമായ വിധി അതായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകട്ടെ. അദ്ദേഹത്തെയും നമ്മെയും അവന്റെ സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ - ആമീൻ. ■

(അവസാനിച്ചു)

sadarvzkd@yahoo.co.in